പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1806 12.06.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. സൗജന്യ യാത്രാപാസ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എം.ഷാജി | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് നൽകുന്ന ഡ്യൂട്ടി യാത്രാ പാസ്സുകൾ ഏതെല്ലാം വിധത്തിലും നിറത്തിലുമുള്ളതാണെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക്, ആദ്യം പച്ച നിറത്തിലുള്ള പാസും, 12 വർഷം യോഗ്യ സേവനകാലം പൂർത്തിയാകുന്ന മുറയ്ക്ക് ചുവന്ന നിറത്തിലുള്ള പാസും, ഹയർ ഡിവിഷൻ ഓഫീസർമാർക്ക് ഓറഞ്ച് നിറത്തിലുള്ള പാസും അതോടൊപ്പം മെറ്റൽ പാസും അനുവദിക്കുന്നു. |
| (ബി) | മെറ്റൽ പാസ്സുകൾ നൽകുന്നത് ഏതൊക്കെ തലം മുതലുള്ള ജീവനക്കാർക്കാണെന്ന് അറിയിക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി.യിലെ ഹയർ ഡിവിഷൻ ഓഫീസർമാർക്കാണ് മെറ്റൽ പാസ് അനുവദിച്ചിരിക്കുന്നത്. കോർപ്പറേഷനിലെ ഡയറക്ടർ ബോർഡ് മെമ്പർമാർക്കും, അംഗീകൃത യൂണിയൻ ജനറൽ സെക്രട്ടറിയ്ക്കും ഇത് അനുവദിച്ചിട്ടുണ്ട്. |
| (സി) | വിരമിച്ച ജീവനക്കാർക്ക് പെൻഷൻ കൈപ്പറ്റുന്നതിന് നൽകുന്ന സൗജന്യ യാത്രാപാസ്സിൽ ജീവനക്കാർക്ക് നൽകുന്ന രീതിയിൽ നിന്നും എന്തെങ്കിലും മാറ്റം ഉണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ? | (സി) | വിരമിച്ച ജീവനക്കാർക്ക് പെൻഷൻ കൈപ്പറ്റുന്നതിന് നൽകുന്ന സൗജന്യ യാത്രാപാസിൽ ജീവനക്കാർക്ക് ഇപ്പോൾ നൽകുന്ന രീതിയിൽ നിന്നും നിലവിൽ മാറ്റങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**